പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 414

20.07.2015 ൽ – മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, കെ.കെ. നാരായണൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. ബി. സത്യൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശം എന്തെന്ന് വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുക, റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിച്ചു കൊടുക്കുക, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, പദ്ധതിയുടെ ഒന്നാം ഘട്ടമായ ഡിജിറ്റലൈസേഷൻ, സപ്ലൈ ചെയിൻ മാനേജ്മെന്റ് സിസ്റ്റം, പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം എന്നിവ നടപ്പിലാക്കുക ഇവയൊക്കെയാണ് കേന്ദ്ര നിർദ്ദേശങ്ങൾ. പൊതുവിതരണരംഗം കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾക്ക് കേരളം തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) നിയമം നടപ്പിൽ വരുമ്പോൾ സംസ്ഥാനത്തെ റേഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ നിലവിലുള്ളതിനേക്കാൾ എത്ര കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നിലവിലെ ഒരു ഗുണഭോക്താവും റേഷനിംഗ് സമ്പ്രദായത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടില്ല. കേന്ദ്ര സർക്കാർ പ്രതിവർഷം നൽകുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ നൽകുന്നതിന് 10.09 ലക്ഷം മെ.ടൺ മതിയാവുന്നതാണ്. ബാക്കി വരുന്ന 4.16 ലക്ഷം മെ.ടൺ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് നൽകുവാൻ കഴിയുന്നതാണ്. കേരളം, കൂടുതൽ (16.25 ലക്ഷം മെ.ടൺ) ഭക്ഷ്യധാന്യം നൽകണമെന്നും, മുൻഗണനാ വിഭാഗത്തിന് ആളൊന്നിന് 7 കി.ഗ്രാം ആയി വർദ്ധിപ്പിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) റേഷൻ സംവിധാനത്തിൽ നിന്നും പുറത്താകുന്ന ഗുണഭോക്താക്കളെ എങ്ങനെ സംരക്ഷിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്താണ്; | (സി) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ ഒരു ഗുണഭോക്താവ് പോലും റേഷൻ സംവിധാനത്തിൽ നിന്നും പുറത്താകുന്നില്ല. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ നിലവിലെ ഉപഭോക്താക്കൾ മുൻഗണനാ വിഭാഗം, പൊതുവിഭാഗം എന്നിങ്ങനെ രണ്ടായി തരം തിരിക്കപ്പെടും. കേന്ദ്രത്തോട് കേരളം കൂടുതൽ ഭക്ഷ്യധാന്യം ആവശ്യപ്പെട്ടിട്ടുണ്ട്.(16.25ലക്ഷം മെ.ടൺ) |
| (ഡി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാകുമ്പോൾ നിലവിലുള്ള ബി.പി.എൽ. കുടുംബങ്ങൾ പൂർണ്ണമായും ബി.പി. എൽ. ഗുണഭോക്താക്കളായിത്തന്നെ നിലനിൽക്കുമോ? | (ഡി) | അർഹതയുള്ളവർ (ബി.പി.എൽ) മുൻഗണനാ വിഭാഗം ആയി തുടരും. |

സെക്ഷൻ ഓഫീസർ